# നീരയും വെർജിൻ ഓയിലും ദക്ഷിണാഫ്രിക്കയിലേക്ക്

**കൊച്ചി:** ദക്ഷിണാഫ്രിക്കയിലേക്ക് നാളികേര വികസന ബോർഡ് ഉപഹാരമായി നൽകുന്ന 15 കാർട്ടൺ നാളികേര ഉത്പന്നങ്ങൾ കൊച്ചി വിമാനത്താവളം വഴി അയച്ചു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ പങ്കെടുക്കാൻ എത്തുന്ന വിശിഷ്ടാതിഥികൾക്ക് ഈ ഉപഹാരങ്ങൾ സമ്മാനിക്കും. ഹൈക്കമ്മീഷണർ രുചി ഘനശ്യാം ഇതു സംബന്ധിച്ച് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസുമായി ചർച്ച നടത്തിയതിന്റെ വെളിച്ചത്തിലാണ് ഉത്പന്നങ്ങൾ അയച്ചത്.



നീര ഹണി, നീര ശർക്കര, സ്പൈസ് ജാഗറി, നീര ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ചിപ്സ് എന്നിവയുടെ 500 വീതം പാക്കറ്റുകളാണ് അയച്ചത്. വെർജിൻ കോക്കനട്ട് ഓയിൽ കേരടെക്കിന്റെയും, ചിപ്സ് കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനിയുടെയും ഉത്പന്നങ്ങളും, മറ്റുള്ളവ നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിർമിച്ചവയുമാണ്. നെടുമ്പാശേരിയിൽനിന്ന് ഖത്തർ വഴി ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയ വരെ ഖത്തർ എയർവേസ് ആണ് ഉത്പന്നങ്ങൾ കൊണ്ടുപോകുന്നത്. കൊച്ചിയിലെ കൊസീമ ട്രാവൽ എജൻസിക്കാണ് ഇതിന്റെ കാർഗോ കൈമാറ്റ ചുമതല. ദക്ഷിണാഫ്രിക്കൻ ജനങ്ങൾക്ക് ഇന്ത്യയിലെ നാളികേര ഉത്പന്നങ്ങളെയും നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളെയും പരിചയപ്പെടാനുള്ള അവസരമായി ഇതു മാറുമെന്നാണ് ഹൈക്കമ്മീഷന്റെയും നാളികേര വികസന ബോർഡിന്റെയും പ്രതീക്ഷ. ഭാവിയിൽ നീര ഉൾപ്പെടെയുള്ള ഇന്ത്യൻ നാളികേര ഉത്പന്നങ്ങൾക്ക് ദക്ഷിണാഫ്രിക്കയിൽ വിപണി കണ്ടെത്താൻ ഇതു സഹായകമാകും എന്നും വിലയിരുത്തപ്പെടുന്നു.